ഭരണഭാഷ മാതൃഭാഷ

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം

എസിഡി..സി4/29718/15/എച്ച്.എസ്.ഇ തീയതി : 10/09/2015

## സർക്കുലർ

വിഷയം :- ഹ. സെ.വി.വ - സ്കൂളുകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 03/04/2015 തീയതിയായി ശ്രീ.ഉണ്ണി ചീങ്കോൾ ബഹു.ബാലാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി

സംസ്ഥാനത്തെ സ്കൂളുകളിൽ ക്ലാസ് സമയത്ത് ബിൽഡിങ്ങ് വർക്കുകൾ നടക്കുന്നതിനാൽ ക്ലാസ് റൂമുകളിലേക്ക് പൊടി ഉയരുന്നു എന്നും യന്ത്രങ്ങൾ ഉയർത്തുന്ന ശബ്ദം കുട്ടികളിൽ ശാരീരിക മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നും ക്ലാസ് റൂമുകൾക്ക് സമീപം യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ യൂറിനൽ/ടോയ്ലറ്റ് പണിയുന്നതിനാൽ കുട്ടികളുടെ പഠനാന്തരീക്ഷത്തെ ബാധിക്കുന്നു എന്നും സൂചനപ്രകാരം ബഹു. ബാലാവകാശ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നപക്ഷം ആയത് പഠനത്തെ ബാധിക്കാത്ത തരത്തിൽ ക്രമീകരിക്കുന്നതിന് എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും ശ്രദ്ധ ചെലുത്തേണ്ടതാണ്. കൂടാതെ കുട്ടികളുടെ പഠനാന്തരീക്ഷത്തെ ബാധിക്കാത്ത തരത്തിൽ ക്ലാസ് റൂമുകളിൽ നിന്ന് നിശ്ചിത അകലത്തിൽ ടോയ്ലറ്റ്/യൂറിനൽ എന്നിവ നിർമ്മിക്കുന്നതിനും ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ എല്ലാ സ്കൂൾ അധികൃതരും സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)